# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കണ്ണൂർ**

**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.12/1301/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 16/10/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.12/1301/2025 തീയ്യതി: 16/10/2025

## കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-10-2024 മുതൽ 20-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 21-07-2025 | 31-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-07-2025 | 31-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീമതി. പി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. ദിനേശൻ പാറയിൽ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രമേഷ്. പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-05-2024 |
| ശ്രീമതി. സ്മിത. വി, ഹെഡ് ക്ലർക്ക് | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2024 | 13-10-2024 |
| ശ്രീ. ഷംസുദ്ദീൻ. കെ.വി | അസിസ്റ്റന്റ് സെക്രട്ടറി | 14-10-2024 | 31-03-2025 |
| ശ്രീ. നിമിൽ. ആർ.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 17-09-2024 |
| ശ്രീ. നിതിൻ. ടി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 18-09-2024 | 31-03-2025 |
| ശ്രീമതി. അപർണ. എ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. തസ്നീം. ടി.പി | വി.ഇ.ഒ, തില്ലങ്കേരി സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ. പ്രജീഷ് കരോന്നൻ | വി.ഇ.ഒ, പള്ള്യം സർക്കിൾ | 01-04-2024 | 31-03-2025 |
| ഡോ. ജെബിൻ അബ്രഹാം | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2024 | 18-10-2024 |
| ഡോ. രസ്ന. കെ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 19-10-2024 | 31-03-2025 |
| ഡോ. അമല ജെ തെരേസ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ. വിജിൻ. വി.എ | വെറ്റിനറി സർജ്ജൻ | 01-04-2024 | 29-09-2024 |
| ഡോ. അരുൺ. സി | വെറ്റിനറി സർജ്ജൻ | 30-09-2024 | 31-03-2025 |
| ശ്രീ. വിനോദ് കുമാർ | ഹെഡ് മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീമതി. അരുൺ രേണുകാ ദേവി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-05-2024 |
| ശ്രീമതി. ദീപ കൊടിവളപ്പിൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-06-2024 | 31-03-2025 |
| ശ്രീമതി. ഷബിന. എ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിലെ യഥാർത്ഥ മിച്ച തുക അല്ല ബാലൻസ് ഷീറ്റിലെ ബി 1 – ഷെഡ്യൂളിലേക്ക് ക്യാരിഓവർ ചെയ്തിട്ടുള്ളത്. | 1-1-1 |
| 3 | തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ യഥാർത്ഥമൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല. | 1-1-4 |
| 6 | ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ/തുകയയടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-5 |
| 7 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-7 |
| 9 | വർഷാന്ത്യ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയില്ല. | 1-1-8 |
| 10 | സ്ഥാപനത്തിന് ഗ്രാന്റ് ആയി ലഭിച്ച തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-9 |
| 11 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | സുലേഖ ചെലവ് പത്രികയിലെയും AFS ലെയും ചെലവ് തുക പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 21 | ഗ്രാമസഭ | 1-10 |
| 22 | വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല. | 1-11 |
| 23 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-12 |
| 24 | വസ്തുനികുതിയിലെ കുടിശ്ശിക-തുടർനടപടികൾ അറിയിക്കേണ്ടതാണ്. | 1-13 |
| 25 | എഫ്.ടി.ഇ. & ഒ എസ് ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് -തുടർനടപടി സ്വീകരിക്കേണ്ടതാണ്. | 1-14 |
| 26 | കെട്ടിട വാടക കുടിശ്ശിക -തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-15 |
| 27 | എ.ബി.സി പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 28 | ഐ.കെ.എം വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-- ₹50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 29 | എസ് എസ് കെ വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ₹79212 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 30 | പെയിൻ & പാലിയേറ്റിവ് കെയർ - മരുന്നുകൾ ലഭ്യമായില്ല - ₹63,710 യുടെ ചെലവ് | 1-19 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 31 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവനും ലഭ്യമായിട്ടില്ല - ₹ 48859 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 32 | മെൻസ്ട്രുവൽ കപ്പ് മുഴുവനായും വിതരണം ചെയ്തില്ല - ₹6000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 33 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - ₹ 2,65,695 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 34 | എഫ് എച്ച് സി ക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവനും ലഭ്യമായിട്ടില്ല - ₹2011 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 35 | വിവാഹ ധനസഹായം - അധികം നല്കിയ ₹50000 തിരിച്ചടക്കേണ്ടതാണ് | 1-24 |
| 36 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-വാല്വേഷൻ സർട്ടിഫിക്കറ്റില്ല - ₹183274 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 37 | പഠനമുറി (സ്പിൽ ഓവർ)-രേഖകളുടെ അഭാവത്തിൽ ₹151037 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 38 | പട്ടികവർഗ്ഗ പഠനമുറി - രേഖകളുടെ അഭാവത്തിൽ ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 39 | അങ്കണവാടികൾക്ക് ശിശു സൗഹൃദ പെയിന്റിംഗ് -കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള ആദായ നികുതി ഈടാക്കിയിട്ടില്ല | 1-28 |
| 40 | കൃത്യമായ ആസ്തി സംരക്ഷണ പദ്ധതികൾ ഇല്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് വരുന്നു. | 1-29 |
| 41 | പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല | 1-30 |
| 42 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- അപാകങ്ങൾ | 1-31 |
| 43 | കാലിവീപ്പയുടെ വില- നിശ്ചിത ശീർഷകത്തിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്. | 1-32 |
| 44 | ജൽജീവൻ മിഷൻ പദ്ധതി | 1-33 |
| 45 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വിവാഹ ധനസഹായം - അധികം നല്കിയ ₹50000 തിരിച്ചടക്കേണ്ടതാണ് | 3-1 |
| ഭാഗം **4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം –1

# പൊതു അവലോകനം

## 1–1 ഓഡിറ്റ് സാക്ഷ്യപത്രം

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് തില്ലങ്കേരി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 30-05-2025 തീയതിയിലെ 123/2025 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 31.05.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 31.03.2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തില്ലങ്കേരി ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
16.10.2025.

### 1–1–1 ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിലെ യഥാർത്ഥ മിച്ച തുക അല്ല ബാലൻസ് ഷീറ്റിലെ ബി 1 – ഷെഡ്യൂളിലേക്ക് ക്യാരിഓവർ ചെയ്തിട്ടുള്ളത്.

ഇൻകം ഏന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിലെ യഥാർത്ഥ മിച്ച തുകയായ **-7972128.50** രൂപക്ക് പകരം -7966828.50 രൂപയാണ് ബാലൻസ് ഷീറ്റിലെ ബി 1 – ഷെഡ്യൂളിലേക്ക് ക്യാരിഓവർ ചെയ്തിട്ടുള്ളത്.

### 1–1–2 തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(4) പ്രകാരം ധനകാര്യപത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ തുകകൾ ഇപ്രകാരം പൂർണ്ണരൂപയിൽ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-3 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

I. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.
Ii. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. [2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62f ]

Iii. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-4 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ യഥാർത്ഥമൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ യഥാർത്ഥമൂല്യം വാർഷിക ധനകാര്യപത്രികയിൽ (ബി 11 ഷെഡ്യൂൾ)പ്രതിഫലിക്കുന്നില്ല.

### 1-1-5 ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ/തുകയയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഹെഡിൽ മുൻവർഷങ്ങളിലെ (2022-23മുതൽ) അതേ നീക്കിയിരിപ്പ് തുകയാണ് (654373രൂപ) തൻവർഷവും കാണിച്ചിട്ടുള്ളത്. പ്രസ്തുത തുകയുടെ ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

### 1-1-6 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തണമെന്ന് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2024-25വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി ഇനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2024-25സാമ്പത്തിക വർഷത്തെ ഡിമാന്റ് ഇപ്രകാരം രേഖപ്പെടുത്തിയതായി കണ്ടില്ല.

### 1-1-7 ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 80 ൽ പരാമർശിച്ചതനുസരിച്ചുള്ളതും B-11 ഷെഡ്യൂളിൽ പരാമർശിച്ചതുമായ ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-8 വർഷാന്ത്യ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്.ഇത്തരത്തിൽ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-9 സ്ഥാപനത്തിന് ഗ്രാന്റ് ആയി ലഭിച്ച തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

ബാലൻസ് ഷീറ്റിലെ B-3 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ അദേഴ്സ് എന്ന ഹെഡിൽ മുൻവർഷത്തെ തുകയോട് എൻ ആർ ഇ ജി എസിൽ നിന്നുള്ള കാപ്പിറ്റൽ എക്സ്പെൻഡിച്ചർ തുക മാത്രമേ ചേർത്തിട്ടുള്ളൂ. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, മറ്റ് ഗ്രാന്റുകളിൽ നിന്നുള്ള ആസ്തി സൃഷ്ടിക്കൽ ചെലവുകൾ എന്നിവ ബി-3 യിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-10 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase /(Decrease) In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹5136431.50യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-5171183യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ ഈ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-11 സുലേഖ ചെലവ് പത്രികയിലെയും AFS ലെയും ചെലവ് തുക പൊരുത്തപ്പെടുന്നില്ല

വികസനഫണ്ട് പൊതുവിഭാഗം - സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും AFS I-6 പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.

### 1-2 ബജറ്റ്

തില്ലങ്കേരി ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 09-02-2024 തീയതിയിലെ 40/2024 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 07-02-2025 ലെ 39/2025 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് (₹) | 4425509 | 2326518 |
| വരവ് (₹) | 161815587 | 191533881 |
| ആകെ (₹) | 166241096 | 193860399 |
| ചെലവ് (₹) | 161521687 | 192238381 |
| നീക്കിയിരിപ്പ് (₹) | 4719409 | 1622018 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് (₹) | 11033643 |
| വരവ് (₹) | 36808360.50 |
| ആകെ (₹) | 47842003.5 |
| ചെലവ് (₹) | 31671929 |
| നീക്കിയിരിപ്പ് (₹) | 16170074.50 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം (₹) | 50000 |
| തടസ്സപ്പെടുത്തിയ തുക (₹) | 1249798 |

വികസന ഫണ്ട്, സംരക്ഷണ ഫണ്ട്, സാമൂഹ്യ സുരക്ഷാ പെൻഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ

പദ്ധതി തുടങ്ങിയ വരവ് ചെലവ് ഇനങ്ങൾ റസീറ്റ് &പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ടു തന്നെ മേൽപട്ടികയിൽ പരാമർശിച്ച വരവു ചെലവുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | | 0 | 12879000 | 12879000 | 12823331 | 55669 |
| വികസനഫണ്ട് – എസ്.സി.പി | | 0 | 722000 | 722000 | 721995 | 5 |
| വികസനഫണ്ട് – ടി എസ് പി | | 0 | 1488000 | 1488000 | 1382876 | 105124 |
| മെയിന്റനൻസ് – റോഡ് | | 0 | 16819000 | 16819000 | 11140067 | 5678933 |
| മെയിന്റനൻസ് – നോൺറോഡ് | | 0 | 6618000 | 6618000 | 5445763 | 1172237 |
| ധനകാര്യ കമ്മീഷൻഅവാർഡ് -അൺടൈഡ് ബേസിക് | | 1036438 | 2281283 | 3317721 | 2344382 | 973339 |
| ധനകാര്യ കമ്മീഷൻ അവാർഡ് - ടൈഡ് | ബാങ്ക് | 89726 | 5038500 | 5128226 | 560610 | 4567616 |
| | ട്രഷറി | 0 | 112848 | 112848 | 65252 | 47596 |
| ഐസിഡിഎസ് | | 1772122 | 2003751 | 3775873 | 1209824 | 2566049 |
| ടോട്ടൽ സാനിറ്റേഷൻ | | 56724 | 0 | 56724 | 0 | 56724 |
| ശുചിത്വ മിഷൻ | | 588410 | 10000 | 598410 | 10000 | 588410 |
| ആർദ്ര കേരളം | | 33131 | 0 | 33131 | 0 | 33131 |
| കുടിവെള്ളം | | 10000 | 0 | 10000 | 0 | 10000 |
| ലൈഫ് മിഷൻ ഗ്രാന്റ് | | 1020775 | 2832798 | 3853573 | 3623573 | 230000 |
| വിമുക്തി | | 33460 | 295500 | 328960 | 328960 | 0 |
| മൃഗ സംരംക്ഷണം | | 965 | 0 | 965 | 965 | 0 |
| സാക്ഷരത | | 3264 | 93 | 3357 | 0 | 3357 |
| ആയുർവേദാശുപത്രി നവീകരണം | | 151787 | 0 | 151787 | 0 | 151787 |
| സ്വച്ഛ് ഭാരത് | | 0 | 295500 | 295500 | 295500 | 0 |
| ബഡ്സ് സ്കൂൾ ഗ്രാന്റ് | | 1250000 | 0 | 1250000 | 0 | 1250000 |
| നിർമ്മൽ പുരസ്കാർ | | 120658 | 0 | 120658 | 0 | 120658 |
| ഹെൽത്ത് ഗ്രാന്റ് - ഇൻഫ്രാ സ്ട്രക്ച്ചർ | | 611887 | 306253 | 918140 | 575797 | 342343 |
| ഹെൽത്ത് ഗ്രാന്റ്- വെൽനസ് സെന്റർ | | 308954 | 491900 | 800854 | 303311 | 497543 |
| സി.എസ് ആർ ഫണ്ട് | | 0 | 50000 | 50000 | 0 | 50000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 166 | 102329171 | 124 | 52744182 | 19 | 42 | 105 | 63.25 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ (₹) | പദ്ധതി ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 1425000 | 967956 | 67.93 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 615180 | 337362 | 54.84 |
| മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 14 | 11 | 5070121 | 3558805 | 70.19 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 840000 | 839996 | 99.99 |
| വി.ഇ.ഒ, തില്ലങ്കേരി | 8 | 7 | 36330060 | 15303876 | 42.13 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14 | 13 | 5247517 | 3361997 | 64.07 |
| സെക്രട്ടറി | 23 | 16 | 4854299 | 3577922 | 73.71 |
| വി.ഇ.ഒ, പള്ള്യം | 9 | 7 | 2588142 | 746839 | 28.86 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 57 | 35 | 40176389 | 20925982 | 52.09 |
| ഹെഡ് മാസ്റ്റർ | 12 | 9 | 1134090 | 516548 | 45.55 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 849814 | 833290 | 98.06 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 9 | 3198559 | 1773609 | 55.45 |
| ആകെ | 166 | 124 | 102329171 | 52744182 | 51.54 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 2313366 | 2313366 | 2313366 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ) | 0 | 42585000 | 42585000 | 42585000 | 0 |
| ആകെ | 0 | 44898366 | 44898366 | 44898366 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ചതുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 10200400 | 509 |
| വിധവാപെൻഷൻ | 12541900 | 691 |
| വാർദ്ധക്യകാലപെൻഷൻ | 18268700 | 1099 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 4564000 | 246 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1205000 | 68 |
| വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-07-2025 തീയതിയിൽ 12.15 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ട് ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഐ.എൽ.ജി.എം.എസ് വഴി ഫയൽ കൈകാര്യം ചെയ്യുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. 2024-25 വർഷം 166 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 124 പ്രോജക്ടുകളാണ് നടപ്പാലിക്കിയിട്ടുള്ളത്. പ്രായോഗികമായ പ്രോജക്ടുകൾ സമയബന്ധിതമായി തയ്യാറാക്കി നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും കൃത്യമായ മോണിറ്ററിംഗ് നടത്തി പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ 2024-25 വർഷം 3 തവണ ഗ്രാമസഭ യോഗങ്ങൾ ചേർന്നിട്ടുണ്ട്. 2023-24 വാർഷിക പദ്ധതി അവലോകനം, 2024-25 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിക്കൽ, മാലിന്യമുക്ത നവകേരളം, 2025-26വാർഷിക പദ്ധതി രൂപീകരണം, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച 2023-24 വർഷത്തെ ഗ്രാമ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് വായിച്ച് ചർച്ച ചെയ്യൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് വാർഷിക പദ്ധതി അംഗീകരിക്കൽ തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും മിനട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല.

22.03.2023 ലെ സ ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതും, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. തില്ലങ്കേരി ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി പരിഷ്ക്കരണം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി നൽകിയ 4/23.07.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, ഫീൽഡ് പരിശോധനയ്ക്കായി ഇന്റർവ്യൂ നടത്തിയെങ്കിലും എന്യൂമറേറ്റർമാരെ ലഭിച്ചില്ല എന്നും,

തുടർനടപടികൾ സ്വീകരിച്ച് വരുന്നതായും മറുപടി നൽകിയിട്ടുണ്ട്. 421 എണ്ണം 9 ബി ഫോറം ലഭിച്ചിട്ടുണ്ടെങ്കിലും വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല. വസ്തു നികുതി പരിഷ്കരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്. എ2/2023/നിയമം വിജ്ഞാപനം പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ 01-04-2023 പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച് ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പിലെ ബിഎ ഖണ്ഡം റദ്ദാക്കുകയുണ്ടായി. ഇതു പ്രകാരം 01-04-2023 മുതൽ സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും അനുവദിച്ചിരുന്ന വസ്തു നികുതി ഇളവ് ഒഴിവാക്കിയിട്ടുണ്ട് . മേൽ ഭേദഗതിയുടെ അടിസ്ഥാനത്തിൽ തില്ലങ്കേരി ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വരെ 207 ബിഎ വകുപ്പ് പ്രകാരം വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ (2023-24വർഷം മുതൽ) ഈടാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/23.07.2025) നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായി മറുപടി നല്കിയിട്ടുണ്ട്. 01-04-2023 പ്രാബല്യത്തിൽ വസ്തുനികുതി ഈടാക്കി രേഖകൾ സഹിതം വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തുനികുതിയിലെ കുടിശ്ശിക-തുടർനടപടികൾ അറിയിക്കേണ്ടതാണ്.

തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ താഴെപ്പറയുന്ന തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

| ക്രമ നമ്പർ | വസ്തുനികുതി | തൻവർഷം (BT+LC) | കുടിശ്ശിക (BT+LC) |
|---|---|---|---|
| 1 | റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹6,445 | ₹ 1,508 |
| 2 | നോൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹ 19,171 | ₹ 6,184 |

വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി ( 8/26.07.2025) നൽകിയതിന് മറുപടിയായി, കുടിശ്ശിക തുകയ്ക്ക് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-14 എഫ്.ടി.ഇ. & ഒ എസ് ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് - തുടർനടപടി സ്വീകരിക്കേണ്ടതാണ്.

തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ വിവര സഞ്ചയിക - സമഗ്ര സാമൂഹിക സാമ്പത്തിക സർവ്വേ റിപ്പോർട്ട് 2024 പ്രകാരം, ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലായി 42 വ്യവസായ സ്ഥാപനങ്ങൾ ഉണ്ടെന്നും, അതിൽ 23 (54.8%) സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് ഉള്ളതെന്നും 19 സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 307 വ്യാപാര വാണിജ്യ സ്ഥാപനങ്ങളിൽ 253 എണ്ണത്തിന് (82.4%) മാത്രമേ ലൈസൻസ് ഉള്ളു എന്നും 54 എണ്ണം അനധികൃതമായി പ്രവർത്തിക്കുന്നതാണെന്നും റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ 29/29.07.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഫീൽഡ് പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. തുടർനടപടികളുടെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 1-15 കെട്ടിട വാടക കുടിശ്ശിക -തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റിലെ കെട്ടിടമുറികളുടെ വാടക വരവുമായി ബന്ധപ്പെട്ട് വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 വർഷം വാടകയിനത്തിൽ താഴെ പറയുന്ന കെട്ടിടത്തിൽ നിന്നും വാടകയിനത്തിൽ കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്.

| ക്രമ നം | കെട്ടിട നമ്പർ | വാടകക്കാരൻ | മാസവാടക | ഈടാക്കാൻ അവശേഷിക്കുന്ന മാസം |
|---|---|---|---|---|
| 1 | 11/194 | സനില പി (അജശ്രീ കമ്പോസ്റ്റ് യൂണിറ്റ്) | 1158 | 04/24 - 03/25 |

വാടക ഈടാക്കുന്നതിനായി സ്വീകരിച്ച തുടർനടപടികൾ അറിയിക്കുന്നതിനായി നൽകിയ 30/29.07.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ബാക്കിയുള്ള വാടക തുക പിരിച്ചെടുക്കുന്നതിനായി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-16 എ.ബി.സി പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 7/25 എ.ബി.സി വിഹിതം നൽകൽ |
| അടങ്കൽ | ₹100000 വികസനഫണ്ട്, പൊതുവിഭാഗം |
| ചെലവ് | ₹100000 ബിൽ നമ്പർ 217/11.03.25 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ സ.ഉ(സാധാ) 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി പദ്ധതി നടപ്പിലാക്കേണ്ടതെന്നും മുഖ്യ നിർവ്വഹണസ്ഥാപനം ജില്ലാ പഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ട് പ്രകാരം ₹100000 കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 17/29.07.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യ പത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 ഐ.കെ.എം വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-- ₹50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 2/25 ഐ.കെ.എം വിഹിതം നൽകൽ |
| അടങ്കൽ | ₹50000 വികസനഫണ്ട്,പൊതുവിഭാഗം |
| ചെലവ് | ₹50000 ബിൽ നമ്പർ 218/11.03.25 |

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ്‌വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ.കെ.എം ന് അടച്ച് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹50000 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയരക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/29-07-25) വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്ന് മറുപടി നല്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹50000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 എസ് എസ് കെ വിഹിതം നൽകൽ – വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല – ₹79212 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 1/25 എസ്.എസ്.കെ വിഹിതം നൽകൽ |
| അടങ്കൽ | ₹500000 – വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹79212 ബിൽ നമ്പർ 274/24.03.25 |

മേൽ പ്രോജക്ടു പ്രകാരം ₹79212 ജില്ലാ പ്രൊജക്റ്റ് ഓഫീസർ, എസ്.എസ്.കെ, കണ്ണൂരിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/29-07-2025) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹79212 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 പെയിൻ & പാലിയേറ്റിവ് കെയർ - മരുന്നുകൾ ലഭ്യമായില്ല - ₹63,710 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| പ്രോജക്ട് നമ്പർ/ പേര് | 78/25, പെയിൻ & പാലിയേറ്റിവ് കെയർ |
| അടങ്കൽ | ₹3,00,000 വികസന ഫണ്ട് പൊതുവിഭാഗം<br>₹6,50,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ ₹9,50,000 |
| ചെലവ് | ₹2,42,174 വികസന ഫണ്ട് പൊതുവിഭാഗം<br>₹5,68,176 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ ₹ 8,10,350 |

മേൽ പ്രോജക്ടിന്റെ ഭാഗമായി പെയിൻ & പാലിയേറ്റിവ് കെയർ പദ്ധതിയ്ക്ക് മരുന്നുകൾ വാങ്ങുന്നതിലേക്കായി BRN 24220652010401020097/11.12.2024 പ്രകാരം ₹3,90,364 (പ്രൊഫോർമ ഇൻവോയിസ് PRF402/26.06.2024) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആയതിൽ 3,26,654 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുള്ളതിന്റെ രേഖകളാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (23/29.07.2025) നൽകിയതിന് മറുപടിയായി ₹3,26,654 യുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകാത്തതിനാൽ ₹63,710 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവനും ലഭ്യമായിട്ടില്ല - ₹ 48859 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 92/25 ഹോമിയോ ആശുപത്രി മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹ 1,00,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | ₹ 1,00,000 (ബിൽ നം. 153/13.01.2025) |

'ഹോമിയോ ആശുപത്രി മരുന്ന് വാങ്ങൽ' എന്ന മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ₹1,00,000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിലേക്ക് മുൻകൂറായി നൽകിയിട്ടുണ്ട് (Order No.13N49/2025-26/1, 15.12.2024). എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 25/29.7.2025) നൽകിയതിനെ തുടർന്ന് 51141 രൂപയുടെ മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ മുഴുവനായും ലഭിച്ചിട്ടില്ലാത്തതിനാൽ ₹ 48859 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 മെൻസ്ട്രൂവൽ കപ്പ് മുഴുവനായും വിതരണം ചെയ്തില്ല - ₹6000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 95/25, മെൻസ്ട്രൂവൽ കപ്പ് വിതരണം |
| അടങ്കൽ | ₹ 86,998 (വികസന ഫണ്ട്- പൊതുവിഭാഗം) |
| ചെലവ് | ₹86,998 (ബിൽ നമ്പർ 123/18.12.2024) |

പ്രോജക്ടിന്റെ ഭാഗമായി 86,998 രൂപ ചെലവഴിച്ച് 290 എണ്ണം മെൻസ്ട്രൂവൽ കപ്പ് ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിൽ (HLL) നിന്നും വാങ്ങിയിട്ടുണ്ട് (ഇൻവോയിസ് നം.9423055853 തീയതി.07.01.2025). എന്നാൽ 270 എണ്ണം വിതരണം

ചെയ്തതിന്റെ വിവരങ്ങൾ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/29.07.2025) 270 എണ്ണം മെൻസ്ട്രുവൽ കപ്പുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിച്ചിട്ടുള്ളത്. ശേഷിക്കുന്ന മെൻസ്ട്രുവൽ കപ്പുകൾ എത്രയും പെട്ടെന്ന് വിതരണം ചെയ്ത് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ 20 മെൻസ്ട്രുവൽ കപ്പുകളുടെ വിലയായ 6000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - ₹ 2,65,695 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| പ്രോജക്ട് നമ്പർ/ പേര് | 193/25, ആരോഗ്യ സ്ഥാപനങ്ങളിലേക്ക് രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹5,98,134 ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹ 5,75,797 |

പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണുകയുണ്ടായി.
1.പ്രോജക്ടിന്റെ ഭാഗമായി Semi Auto Bio Chemistry Analyser, Reagent Refrigerator, Urine Analyser എന്നിവ വാങ്ങുന്നതിലേക്കായി വൗച്ചർ നം. 22400914/27.01.2025 പ്രകാരം ₹2,58,013 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (പ്രൊഫോർമ ഇൻവോയിസ് PRF 62/2024-25 തീ.18.12.2024) നൽകിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

2.ECG Machine 12 Channel വാങ്ങുന്നതിനായി വൗച്ചർ നം. 22401086/18.03.2025 പ്രകാരം ₹1,11,842 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (പ്രൊഫോർമ ഇൻവോയിസ് PRF 96/2024-25, തീ.12.02.2025) നൽകിയിരുന്നു. ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ള രേഖകൾ പ്രകാരം Arkon Medical Systems ന്റെ ഇൻവോയിസ് (AMS-61/25-26 26.06.2025) ECG Machine 12 Channel ന് 1,04,160 രൂപയാണ് ചെലവായിട്ടുള്ളത്. 7682 രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 27/29.7.2025).
മേൽ കാരണങ്ങളാൽ 2,65,695 (258013 + 7682) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ക്രമ നം. 1 പ്രകാരമുള്ള ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും, ക്രമ നം. 2 പ്രകാരമുള്ള 7682 രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതുമാണ്.

## 1-23 എഫ് എച്ച് സി ക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവനും ലഭ്യമായിട്ടില്ല - ₹2011 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| പ്രോജക്ട് നമ്പർ/ പേര് | 75/25, എഫ് എച്ച് സി ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹7,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹ 7,00,000 |

പ്രോജക്ടിന്റെ ഭാഗമായി മരുന്നുകൾ വാങ്ങുന്നതിലേക്കായി ബിൽ നമ്പർ 159/16.01.2025 പ്രകാരം ₹1,48,932 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (പ്രൊഫോർമ ഇൻവോയിസ് PRF 2880/10.01.2025) നൽകിയിട്ടുണ്ട്. 1,46,921 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുള്ളതിന്റെ രേഖകളാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (28/29.07.2025) നൽകിയതിന് മറുപടിയായി, 2011 രൂപയുടെ മരുന്നുകൾ ലഭിക്കുവാൻ ബാക്കിയുള്ളതായി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ മുഴുവനായും ലഭ്യമാകാത്തതിനാൽ ചെലവ് തുക ₹ 2011 തടസ്സപ്പെടുത്തുന്നു.

## 1-24 വിവാഹ ധനസഹായം - അധികം നല്കിയ ₹50000 തിരിച്ചടക്കേണ്ടതാണ്

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 165/25 വിവാഹ ധനസഹായം (സ്പിൽ ഓവർ) |
| അടങ്കൽ | ₹250000 (വികസന ഫണ്ട്, ടി.എസ്.പി) |
| ചെലവ് | ₹250000 ബിൽ നമ്പർ 71/23.10.2024 |

മേൽ പ്രോജക്ട് പ്രകാരം വിവാഹ ധനസഹായം ഇനത്തിൽ രണ്ട് ഗുണഭോക്താക്കൾക്ക് ₹125000 വീതം ആകെ

₹250000 വിതരണം ചെയ്തിട്ടുണ്ട്. സ.ഉ (സാ.ധാ) നം. 2593/2022/LSGD തീയതി 26-10-2022 പ്രകാരം വർദ്ധിപ്പിച്ച നിരക്കായ ₹125000 നിരക്കിലാണ് രണ്ട് ഗുണഭോക്താക്കൾക്കും തുക അനുവദിച്ചിട്ടുള്ളത്. വർദ്ധിപ്പിച്ച നിരക്ക് 15-10-2022 ന് ശേഷം നടക്കുന്ന വിവാഹങ്ങൾക്കാണ് ബാധകമാവുക എന്ന് മേൽ ഉത്തരവിൽ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ആനുകൂല്യം ലഭിച്ച വിമല.സി യുടെ മകളുടെ കല്യാണം 20-03-2022നും ജയരാജൻ. സിയുടെ മകളുടെ കല്യാണം 12-06-2022നുമാണ് നടന്നത്. ആയതിനാൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മേൽ ഗുണഭോക്താക്കൾക്ക് ₹100000 യ്ക്കാണ് അർഹത. എന്നാൽ പ്രോജക്ട് പ്രകാരം 125000/- രൂപ വീതം നൽകുവാനാണ് തുക വകയിരുത്തിയിട്ടുള്ളത്. രണ്ട് ഗുണഭോക്താക്കൾക്കുമായി ₹50000 (25000+25000) അധികം നല്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (13/28-07-2025) ടിയാളുകൾക്ക് ആനുകൂല്യം നല്കിയത് സ.ഉ (സാ.ധാ) നം. 2593/2022/LSGD തീയതി 26-10-2022 നമ്പർ ഉത്തരവിന് ശേഷമാണ് എന്നാണ് മറുപടി നല്കിയത്. പ്രസ്തുത ഉത്തരവിൽ വർദ്ധിപ്പിച്ച നിരക്ക് 15-10-2022 ന് ശേഷം നടക്കുന്ന വിവാഹങ്ങൾക്കാണ് ബാധകമാവുക എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ ഈ മറുപടി സ്വീകാര്യമല്ല. അധികമായി അനുവദിച്ച ₹50000 കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-25 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-വാല്യേഷൻ സർട്ടിഫിക്കറ്റില്ല - ₹183274 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 68/25 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | ₹183274 (വികസന ഫണ്ട്, എസ്.സി.പി) |
| ചെലവ് | ₹50000 ബിൽ നമ്പർ 184/18-02-2025<br>₹133274 ബിൽ നമ്പർ 267/24-03-2025<br>ആകെ ₹183274 |

പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതിയുടെ നിലവിലുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച സ.ഉ(സാധാ)നം 1877/2023/LSGD തീയതി 21-09-2023 പ്രകാരം പഠനമുറി നിർമ്മിക്കുന്നതിന് എഗ്രിമെന്റ് വച്ച ശേഷം 30000 രൂപ മുൻകൂറായി നല്കാവുന്നതും തുടർന്ന് നിർവഹണ ഉദ്യോഗസ്ഥന്റെ തന്നെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 60000 രൂപ (ബേസ്മെന്റ് പൂർത്തിയാകുമ്പോൾ) 80000 രൂപ (മേൽക്കൂര പൂർത്തിയാകുമ്പോൾ) 30000 രൂപ(പ്ലാസ്റ്ററിങ്ങ്, വൈറ്റ് വാഷ് തുടങ്ങിയവ പൂർത്തിയാകുമ്പോൾ) എന്നിങ്ങനെയാണ് തുക അനുവദിക്കേണ്ടത്. മേൽ പ്രോജക്ട് പ്രകാരം സുമേഷ്, കോറോത്ത് ഹൗസ്, ഉളിയിൽ എന്ന ഗുണഭോക്താവിന് ആകെ ₹183274 (50000+133274) യാണ് അനുവദിച്ചിട്ടുള്ളത്. രണ്ട് ഗഡുക്കളായി ₹183274 നല്കിയിട്ടുണ്ടെങ്കിലും പഠനമുറിയുടെ നിർമ്മാണം ഏത് സ്റ്റേജിലാണെന്ന് വ്യക്തമല്ല. നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രമോ, വാല്യേഷൻ സർട്ടിഫിക്കറ്റോ ഫയലിലില്ല. പ്രോജക്ട് പ്രകാരം അനുവദിച്ച തുകകൾ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (18/29-07-2025) മറുപടിയോടൊപ്പം തുക അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. പഠന മുറിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഓവർസിയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. വാല്യേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ₹183274 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-26 പഠനമുറി (സ്പിൽ ഓവർ)-രേഖകളുടെ അഭാവത്തിൽ ₹151037 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 167/25 പഠനമുറി (സ്പിൽ ഓവർ) |
| അടങ്കൽ | ₹151037 (വികസന ഫണ്ട്, എസ്.സി.പി) |
| ചെലവ് | ₹50000 ബിൽ നമ്പർ 164/18-01-2025<br>₹101037 ബിൽ നമ്പർ 257/21-03-2025<br>ആകെ ₹151037 |

മേൽ പ്രോജക്റ്റ് പ്രകാരം ശ്രീമതി. ദിവ്യ. ടി.എസ്, ഉഷസ്സ്, കാരക്കുന്ന്, ഉളിയിൽ എന്ന ഗുണഭോക്താവിന് മേൽ ആകെ ₹151037 അനുവദിച്ചിട്ടുണ്ട്. പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1) സ്പിൽ ഓവർ പ്രോജക്റ്റാണിത്. മുൻവർഷം ഗുണഭോക്താവിന് തുക അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.
2) രണ്ട് ഗഡുക്കളായി ₹151037 നല്കിയിട്ടുണ്ടെങ്കിലും പഠനമുറിയുടെ നിർമ്മാണം ഏത് സ്റ്റേജിലാണെന്ന് വ്യക്തമല്ല. നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രമോ, വാല്വേഷൻ സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല.

3) പ്രോജക്റ്റ് പ്രകാരം അനുവദിച്ച തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (18/29-07-2025) മറുപടിയോടൊപ്പം തുക അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. പഠന മുറിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഓവർസിയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താവിന് മുൻവർഷം തുക അനുവദിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹151037 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 പട്ടികവർഗ്ഗ പഠനമുറി - രേഖകളുടെ അഭാവത്തിൽ ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് നം. & പേര് | 51/25 പട്ടികവർഗ്ഗ പഠനമുറി |
| അടങ്കൽ | ₹399124 (വികസന ഫണ്ട്, ടി.എസ്.പി) |
| ചെലവ് | ₹50000 ബിൽ നമ്പർ 179/06-02-2025<br>₹200000 ബിൽ നമ്പർ 268/24-03-2025<br>₹50000 ബിൽ നമ്പർ 270/24-03-2025<br>ആകെ ₹300000 |

രണ്ട് പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ആനുകൂല്യം നല്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്റ്റാണിത്. പ്രോജക്റ്റ് പ്രകാരം ശ്രീമതി. ബിന്ദു. കെ.കെ, ശങ്കരൻകണ്ടി ഉന്നതി എന്ന ഗുണഭോക്താവിന് രണ്ട് ഗഡുക്കളായി 50000 രൂപ വീതം 100000 രൂപയും ശ്രീമതി. ഉഷ. ഇ.കെ, തൃക്കുന്നകരി ഉന്നതി എന്ന ഗുണഭോക്താവിന് ₹200000 യും അനുവദിച്ചിട്ടുണ്ട്. പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1) ശ്രീമതി. ഉഷ. ഇ.കെ, തൃക്കുന്നകരി ഉന്നതി എന്ന ഗുണഭോക്താവിന് മുഴുവൻ തുകയും നല്കിയിട്ടുണ്ടെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നുള്ള വാല്വേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ശ്രീമതി. ബിന്ദു. കെ.കെ, ശങ്കരൻകണ്ടി ഉന്നതി എന്ന ഗുണഭോക്താവിന് രണ്ട് ഗഡുക്കളായി തുക നല്കിയിട്ടുണ്ടെങ്കിലും പഠനമുറിയുടെ നിർമ്മാണം ഏത് സ്റ്റേജിലാണെന്ന് വ്യക്തമല്ല. നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രമോ, വാല്വേഷൻ സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല.

2) പ്രോജക്റ്റ് പ്രകാരം അനുവദിച്ച തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയുടെ (18/29-07-2025) മറുപടിയോടൊപ്പം തുക അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രോജക്റ്റ് പൂർത്തിയാകാത്ത സാഹചര്യത്തിൽ 2025-26 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയും ലഭിച്ച ഗുണഭോക്താവിന്റെ പഠനമുറിയുടെ വാല്വേഷൻ സർട്ടിഫിക്കറ്റും, രണ്ട് ഗഡുക്കളായി തുക ലഭിച്ച ഗുണഭോക്താവിന്റെ പഠനമുറിയുടെ നിർമ്മാണത്തിന്റെ നിലവിലുള്ള സ്റ്റേജ് വ്യക്തമാക്കുന്ന നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രവും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 അങ്കണവാടികൾക്ക് ശിശു സൗഹൃദ പെയിന്റിംഗ് -കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള ആദായ നികുതി ഈടാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നം. & പേര് | 102/25 അങ്കണവാടി ശിശു സൗഹൃദ പെയിന്റിംഗ് |

| | |
|---|---|
| അടങ്കൽ | ₹200000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹174195( 287/25.03.2025) |

ഗ്രാമ പഞ്ചായത്തിലെ 8 അംഗനവാടികളിൽ ശിശുസൗഹൃദ ചുമർ ചിത്രം വരയ്ക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ടാണിത് . ടെൻഡർ നടപടിക്രമങ്ങൾ പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. റെജി പീറ്റർ എന്നവരുടെ (ഒരു ചതുരശ്ര അടിക്ക് 15 രൂപ നിരക്ക് രേഖപ്പെടുത്തിയ) ടെൻഡർ അംഗീകരിക്കുകയും ഗ്രാമ പഞ്ചായത്തിലെ മേൽ പറഞ്ഞ 8 അംഗനവാടികളിലായി ആകെ 11613 ചതുരശ്ര അടി പെയിന്റ് ചെയ്തതിന്റെ തുകയായ ₹174195 കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ കൂടുതലുള്ള കരാറുകൾക്കും സേവനങ്ങൾക്കും വ്യക്തികളിൽനിന്ന് 1 ശതമാനം നിരക്കിൽ ആദായനികുതി ഈടാക്കേണ്ടതുണ്ട്. . എന്നാൽ പ്രസ്തുത ബില്ലിൽ നിന്നും ആദായനികുതി കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക അനുവദിച്ചത്. മേൽ അപാകം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (12/28.07.2025) മറുപടിയിൽ, 2025-26 വർഷം സ്പിൽ ഓവറായി നടത്തുന്ന പ്രസ്തുത പ്രോജക്ടിന്റെ ബില്ലിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം കരാറുകാരന് അനുവദിച്ച ആകെ തുകയ്ക്കുള്ള നിയമ പ്രകാരമുള്ള ആദായ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 കൃത്യമായ ആസ്തി സംരക്ഷണ പദ്ധതികൾ ഇല്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് വരുന്നു.

തില്ലങ്കേരി ഗ്രാമ പഞ്ചായത്തിൽ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് 15 റോഡുകളിൽ മെയിന്റനൻസ് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ എല്ലാ റോഡുകളിലും ഒരേ ഇനങ്ങൾ ഉൾപ്പെടുത്തിയുള്ള മെയിന്റനൻസ് പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഗ്രാമപഞ്ചായത്ത് ആസ്തി സംരക്ഷണ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. ആസ്തി സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിലുള്ള വീഴ്ച മൂലം റോഡുകൾ സമയാസമയങ്ങളിൽ മെയിന്റനൻസ് ചെയ്യാത്തതിനാൽ പൂർണമായും പൊളിഞ്ഞു പോകുന്ന അവസ്ഥ ഉണ്ടാകുകയും റോഡ് മെയിന്റനൻസ് പ്രവൃത്തികൾ നടത്തേണ്ടി വരുമ്പോൾ പഴയ റോഡിന്റെ ഉപരിതലം മുഴുവനും സ്കാരിഫൈ (Scarify) ചെയ്ത് പുതിയ റോഡ് ഉണ്ടാക്കുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതികൾ നടപ്പിലാക്കേണ്ടി വരുന്നതായും വരുന്നു. സമയബന്ധിതമായി റോഡുകൾ മെയിന്റനൻസ് ചെയ്യാതിരുന്നതിനാലാണ് റോഡുകൾ പൂർണമായും തകർന്നു പോകുന്ന അവസ്ഥ ഉണ്ടായത്. തൻവർഷം നടപ്പിലാക്കിയ റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികളെല്ലാം ഇത്തരത്തിൽ സമയബന്ധിതമായി മെയിന്റനൻസ് പ്രവൃത്തി നടത്താത്തതിനാൽ അധിക ചെലവ് വന്ന പ്രവൃത്തികളാണ് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. റോഡ് മെയിന്റനൻസ് പ്രവൃത്തികളിലെല്ലാം സമയബന്ധിതമായി മെയിന്റനൻസ് പ്രവൃത്തി നടത്താത്തതിനാൽ ഫൗണ്ടേഷൻ പ്രിപ്പറേഷൻ, വെറ്റ്മിക്സ് മെക്കാഡം, പ്രൈം കോട്ട് എന്നീ ഇനങ്ങൾ ചെയ്യേണ്ടി വന്നതിനാലാണ് അധിക ചെലവ് വന്നിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ മുൻഗണനാ ക്രമത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്തിയതായി രേഖകളിൽ നിന്നും മനസ്സിലാവുന്നില്ല. റോഡുകളുടെ ബിറ്റുമിൻ പ്രതലം പൂർണ്ണമായി നഷ്ടപ്പെട്ട ശേഷമാണ് റോഡ് മെയിന്റനൻസ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത്. റോഡ് പ്രതലം സ്കാരിഫൈ ചെയ്ത് ജി.എസ്.ബി ഡബ്ലിയു.എം.എം എന്നിവ വീണ്ടും നിർവ്വഹിക്കേണ്ടി വരുന്നത് അധിക ചെലവിന് കാരണമാകുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവൃത്തികൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ട് പേര് | അടങ്കൽ, ഫണ്ട് | ചെലവ് |
|---|---|---|---|
| 158/25 | മച്ചൂർ മല ടൂറിസം സെന്റർ അടിസ്ഥാന സൗകര്യം ഒരുക്കൽ | ₹73541 സംരക്ഷണ ഗ്രാന്റ് - റോഡ് | ₹70586 |
| 130/25 | പടിക്കച്ചാൽ നെല്ലിയാട്ടേരി റോഡ് റീ ടാറിംഗ് | ₹170688 സംരക്ഷണ ഗ്രാന്റ് - റോഡ് | ₹170611 |
| 137/25 | വേങ്ങരച്ചാൽ കുന്നിമുരിക്കിൽ റോഡ് റീ ടാറിംഗ് | ₹183602 സംരക്ഷണ ഗ്രാന്റ് - റോഡ് | ₹183537 |
| 123/25 | വാഴക്കാൽ ഊർപള്ളി മീത്തലെ പുന്നാട് റോഡ് റീ ടാറിംഗ് | ₹769914 സംരക്ഷണ ഗ്രാന്റ് - | ₹328307 |

| | | | |
|---|---|---|---|
| | | റോഡ് | |
| 153/25 | വാണിവിലാസം അത്തപുഞ്ച റോഡ് റീ ടാറിംഗ് | ₹346000 സംരക്ഷണ ഗ്രാന്റ് - റോഡ് | ₹338271 |
| 144/25 | ആലയാട് യൂപിസ്കൂൾ കുണ്ടെരിഞ്ഞാൽ ശങ്കരന്കണ്ടി കോളനി റോഡ് റീ ടാറിംഗ് | ₹482000 സംരക്ഷണ ഗ്രാന്റ് - റോഡ് | ₹361590 |
| 150/25 | ഈയ്യം ബോർഡ് മടപ്പര റോഡ് റീ ടാറിംഗ് | ₹388866 സംരക്ഷണ ഗ്രാന്റ് - റോഡ് | ₹388864 |
| 121/25 | ആലാച്ചി മച്ചർമല റോഡ് റീ ടാറിംഗ് | ₹492084 സംരക്ഷണ ഗ്രാന്റ് - റോഡ് | ₹404417 |
| 141/25 | മുണ്ടോംവയൽ കളപ്പര റോഡ് റീടാറിംഗ്ഡ്രൈനേജ് നിർമ്മാണവും അനുബന്ധ പ്രവർത്തികളും | ₹1000000 സംരക്ഷണ ഗ്രാന്റ് - റോഡ് | ₹455469 |
| 35/25 | ഒതയോത്തുന്നാൽ അരീച്ചാൽ റോഡ് റീ ടാറിങ്ങും മറ്റ് അനുബന്ധ പ്രവർത്തികളും | ₹471838 സംരക്ഷണ ഗ്രാന്റ് - റോഡ് | ₹456960 |
| 127/25 | മുണ്ടാച്ചാൽ ഹരിജൻ കോളനി റോഡ് റീ ടാറിംഗ് | ₹615146 സംരക്ഷണ ഗ്രാന്റ് - റോഡ് | ₹614881 |
| 129/25 | പൂമരം പുന്നാട് റോഡ് റീ ടാറിംഗ് | ₹629992 സംരക്ഷണ ഗ്രാന്റ് - റോഡ് | ₹629361 |
| 154/25 | കാവുംപടി മുണ്ടോൻവയൽ റോഡ് റീ ടാറിംഗ് | ₹870042 സംരക്ഷണ ഗ്രാന്റ് - റോഡ് | ₹792699 |
| 140/25 | പടിക്കച്ചാൽ കാർക്കോട് പന്നിയോട് മുക്ക് റോഡിൽ കൾവർട്ട് നിർമാണവും റീ ടാറിംഗ് പ്രവർത്തിയും | ₹955047 സംരക്ഷണ ഗ്രാന്റ് - റോഡ് | ₹924584 |
| 126/25 | ആലയാട് യൂപിസ്കൂൾ കുട്ടിയടിച്ചാൽ കോളനി അരീച്ചാൽ റോഡ് റീ ടാറിംഗ് | ₹1204036 സംരക്ഷണ ഗ്രാന്റ് - റോഡ് | ₹1182745 |

സ.ഉ.(കൈ) നം.84/തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടുള്ളതായുള്ള വിവരം ലഭ്യമല്ല. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച ത.സ്വ.ഭ. വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്. പഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ (20/29-07-2025 ) ന് ലഭ്യമാക്കിയ മറുപടിയിൽ ഏറ്റവും തകർന്ന റോഡുകൾക്ക് മുൻഗണന നൽകിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത് എന്നും ആസ്തി സംരക്ഷണത്തിൽ അറിഞ്ഞുകൊണ്ട് വീഴ്ച വരുത്തിയിട്ടില്ലെന്നും അറിയിച്ചു. അപാകങ്ങൾ പരിഹരിക്കുവാനാവശ്യമായ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-30 പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല

2024-25 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്തതും, നടപ്പിലാക്കിയതുമായ പദ്ധതികളുടെയും,ചെലവഴിച്ച തുകകളുടെയും വിശദാംശങ്ങൾ പരിശോധിച്ചതിന്റെയടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഏറ്റെടുത്ത ആകെ പദ്ധതി കളുടെ എണ്ണം. | നടപ്പിലാക്കിയ പദ്ധതി കളുടെ എണ്ണം | അടങ്കൽ വെച്ച തുക (₹) (എല്ലാ ഫണ്ടുകളും ഉൾപ്പെടെ) | ചെലവഴിച്ച തുക (₹) | നടപ്പാക്കാത്ത പദ്ധതി കളുടെ എണ്ണം | ചെലവഴിക്കപ്പെടാത്ത തുക (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 57 | 36 | 4.01 കോടി | 2.09 കോടി | 21 | 1.92 കോടി | 52.11 |

മേൽ വിവരങ്ങൾ പരിശോധിച്ചാൽ, 57 പദ്ധതികൾ ആവിഷ്ക്കരിച്ചതിൽ 21 എണ്ണവും നടപ്പിലാകാതെ സ്പിൽ ഓവറായി അടുത്ത വർഷത്തേക്ക് മാറ്റി വെച്ചിട്ടുണ്ട്. 4.01 കോടി കോടി രൂപ തൻ വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾക്കായി നീക്കി വെച്ചിരുന്നുവെങ്കിലും, അതിൽ 1.92 കോടി രൂപയും തൻവർഷം ചെലവഴിക്കപ്പെട്ടില്ല. തൻവർഷം പദ്ധതികൾ നടപ്പിലാകാത്തത് മൂലം, പദ്ധതിയുടെ ഗുണ ഫലങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിൽ കാലതാമസമുണ്ടായി എന്ന് മാത്രമല്ല, അടുത്ത വർഷം അത്രയും തുക പദ്ധതികൾ നടപ്പിലാക്കുന്നതിൽ കുറവുണ്ടാകുകയും ചെയ്യും. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ (27/29.07.2025) ന് ലഭ്യമാക്കിയ മറുപടിയിൽ BDS (ബിൽ ഡിസ്കൗണ്ടിങ് സിസ്റ്റം) വഴി മാറിയ ബില്ലുകൾ പലതും തൻ വർഷം തുക കൈമാറുവാൻ കഴിയാതെ പോയതിനാലാണ് ചെലവ് കുറഞ്ഞതെന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. ഭാവിയിൽ അപാകങ്ങൾ പരിഹരിക്കുവാനാവശ്യമായ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-31 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- അപാകങ്ങൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ഏർപ്പെട്ട കരാറുകളിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. തദ്ദേശ സ്ഥാപനങ്ങളിൽ 2014-15 മുതൽ CPWD സ്പെസിഫിക്കേഷനെ അടിസ്ഥാനമാക്കിയുള്ള ഡെൽഹി അനാലിസിസ് ഓഫ് റേറ്റ്, ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് എന്നിവ ബാധകമാക്കിയിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ പ്രവൃത്തി നിർവ്വഹണത്തിന് MORD സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിക്കുന്നത്. എന്നാൽ കരാറിലെ വ്യവസ്ഥ 4-ൽ വരുന്ന നിബന്ധനകൾ കേരള ഡീറ്റെയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

2. കരാർ വ്യവസ്ഥ രണ്ടിൽ, പ്രവൃത്തി അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തി വിവര പട്ടിക, പ്രവർത്തന കലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും പ്രവൃത്തി പൂർത്തീകരിക്കുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവർത്തന കലണ്ടർ, പ്രവൃത്തി വിവര പട്ടിക എന്നിവ കരാറിന്റെ ഭാഗമാക്കുന്നില്ല.

3. കരാറിലെ 7 വ്യവസ്ഥയിൽ 2012-ലെ പുതുക്കിയ KPWD മാന്വലിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. മാന്വൽ പ്രകാരവും സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിലെ പൊതു വ്യവസ്ഥകൾ പ്രകാരവും ഉള്ള പിഴ ചുമത്തുന്നതിനുള്ള വ്യവസ്ഥകളും, ദീർഘിപ്പിച്ചു നൽകാവുന്ന പരമാവധി കാലയളവ് 50% ആണ് എന്നുള്ളതും ഉൾപ്പെടുത്തിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ (22/29-07-2025 ) ന് ലഭ്യമാക്കിയ മറുപടിയിൽ കാലഹരണപ്പെട്ട വ്യവസ്ഥകൾക്ക് പകരമായി നിലവിൽ ബാധകമായ വ്യവസ്ഥകൾ കരാറിലുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട വ്യവസ്ഥകൾക്ക് പകരമായി നിലവിൽ ബാധകമായ വ്യവസ്ഥകൾ കരാറിലുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 കാലിവീപ്പയുടെ വില- നിശ്ചിത ശീർഷകത്തിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

തില്ലങ്കേരി ഗ്രാമപഞ്ചായത്തിൽ 2024-25 വർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ റോഡ് ടാറിംഗ് പ്രവർത്തികളിൽ പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയിനത്തിൽ 238/- രൂപയും 18% ജി.എസ്.ടിയുമുൾപ്പെടെ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും കാലിവീപ്പയുടെ വില ഏത്

ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി നിർവഹിച്ചിരിക്കുന്നത് അതേ ഫണ്ടിലേയ്ക്കും ഒടുക്ക് വരുത്തേണ്ടതുമാണ് . തൻവർഷം നടപ്പിലാക്കിയ വിവിധ മരാമത്തു പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കി സെക്രട്ടറിയുടെ പേരിലുള്ള 24113200251412 നമ്പർ അക്കൗണ്ടിലേയ്ക്ക് ഒടുക്കു വരുത്തിയിട്ടുണ്ട്. ടി. തുക ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് ജി.ഒ.(പി)177/06 ധനം 12.04.06 ഉത്തരവ് ഖണ്ഡിക 10.3-ലെ നിർദേശം പാലിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19 /29 -07-2025) ലഭ്യമാക്കിയ മറുപടിയിൽ തുക പഞ്ചായത്തു ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ബന്ധപ്പെട്ട ഫണ്ടിൽ തുക തിരിച്ചടവാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-33 ജൽജീവൻ മിഷൻ പദ്ധതി

2024 വർഷത്തോടെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷൻ മുഖേന ആവശ്യമായ അളവിൽ ശുദ്ധജലം എത്തിക്കുക എന്നതാണ് ജൽജീവൻ മിഷൻ പദ്ധതിയുടെ ലക്ഷ്യം. തില്ലങ്കേരി ഗ്രാമപഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/23-7-2025) ലഭ്യമാക്കിയ മറുപടിയിൽ, ഈ പദ്ധതി പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ ഗുണഭോക്താക്കളിൽ നിന്ന് ഇതേവരെ തുകയൊന്നും ഈടാക്കിയിട്ടില്ലെന്നും 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിക്ക് സ്ഥാപന വിഹിതമോ ഗുണഭോക്തൃവിഹിതമോ ആയി തുകയൊന്നും തന്നെ കൈമാറിയിട്ടില്ലെന്നും, റോഡ് പുനരുദ്ധാരണ പ്രവൃത്തി കേരള വാട്ടർ അതോറിറ്റി തന്നെയാണ് നടപ്പിലാക്കി വരുന്നതെന്നും അറിയിച്ചിട്ടുണ്ട്.

## 1-34 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/ LSGD തീ. 31.8.2022 പ്രകാരവും 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2156/2022/LSGD തി 1.9.22, സ.ഉ (സാധാ) നം. 1625/2023/തസ്വഭവ തീ 9-8-2023 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/തസ്വഭവ തീ. 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ഹെൽത്ത് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കീം 5, 6 എന്നിവ നഗരസഭാസ്ഥാപനങ്ങൾക്കുമാണ് ബാധകം. സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം നൽകുന്നു. സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 4 പ്രകാരം തുക അനുവദിക്കുന്നത്.

തില്ലങ്കേരി ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ നാളിതുവരെ (2025-26) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെയും, അതിൽ നിന്നുള്ള ചെലവിനെയും സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാന്റ് വർഷം | അലോട്ട്മെന്റ് | | | |
|---|---|---|---|---|
| | സ്കീം 1 | സ്കീം 3 | സ്കീം 4 | ആകെ |
| 2021-22 | - | 179875 | 55000 | 234875 |
| 2022-23 | - | 691000 | 304000 | 995000 |
| 2023-24 | - | 289000 | 484000 | 773000 |

**ഹെൽത്ത് ഗ്രാന്റ് - ഏറ്റെടുത്ത പദ്ധതികൾ**

ഹെൽത്ത് ഗ്രാന്റ് ചെലവഴിക്കുന്നതിനായി ഏറ്റെടുത്ത പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു

| ഗ്രാന്റ് | പദ്ധതിയുടെ പേര് | അലോട്ട്മെന്റ് | ചെലവുവിവരം | ആകെ | ബാക്കി |
|---|---|---|---|---|---|

| വർഷം | | | 2022-23 | 2023-24 | 2024-25 | | |
|---|---|---|---|---|---|---|---|
| 2021-22 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യം ഏർപ്പെടുത്തൽ (218/23, 151/24 ) | 179875 (സ്കീം 3) | 61263 | 118612 | - | 179875 | - |
| 2021-22 | ആരോഗ്യ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളാക്കി ഉയർത്തൽ (152/24) | 55000 (സ്കീം 4) | - | 54946 | - | 54946 | 54 |
| 2022-23 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (167/24, 193/25) | 691000 (സ്കീം 3) | - | 92866 | 575797 | 668663 | 22337 |
| 2022-23 | ആരോഗ്യ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളാക്കി ഉയർത്തൽ(194/25) | 304000 (സ്കീം 4) | - | - | 303311 | 303311 | 689 |

2023-24 വർഷത്തെ ഗ്രാന്റ് ഇനത്തിൽ സ്കീം 3 ൽ ഉൾപ്പെടുത്തി 289000 രൂപയും സ്കീം 4ൽ ഉൾപ്പെടുത്തി 484000 രൂപയും ഉൾപ്പെടെ 773000 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ഗ്രാന്റ് ഇതുവരെ ചെലവഴിച്ചിട്ടില്ല.

**ഹെൽത്ത് ഗ്രാന്റ് നീക്കിയിരിപ്പ് വിവരം**

ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ) ചുവടെ ചേർക്കുന്നു.

| **ഗ്രാന്റ് ഇനം** | മുന്നിരിപ്പ് | വരവ് (പലിശയുൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം 3 – A/C No. – 40514101056583) | 611887 | 306253 | 918140 | 575797 | 3,42,343 |
| കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തന ങ്ങൾ നടപ്പാക്കൽ (സ്കീം 4 – A/C No. – 40514101056608) | 308954 | 491900 | 800854 | 303311 | 4,97,543 |

| | | | | | |
|---|---|---|---|---|---|
| ആകെ | | | | | 839886 |

2021-22 വർഷത്തെ ഗ്രാന്റ് തുകയിൽ 54 രൂപയും, 2022-23 വർഷത്തിൽ 23026 രൂപയും വിനിയോഗിക്കാൻ ബാക്കിയുണ്ട്. ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ബൈനോകുലർ മൈക്രോസ്കോപ്പ്, ഇ എസ് ആർ അനലൈസർ, ഇ സി ജി മെഷീൻ, സ്റ്റീൽ കാബിനറ്റ്, സ്റ്റീൽ ടേബിൾ, സ്റ്റീൽ റാക്ക്, കസേര എന്നീ ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ട്.

ആതുര സേവനരംഗത്ത് ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനും അടിസ്ഥാനസൗകര്യവികസനത്തിനുമായി ആരോഗ്യ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സായി പോകുന്നതാണ്. ആയതിനാൽ 2025-26 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിവാഹ ധനസഹായം - അധികം നല്കിയ ₹50000 തിരിച്ചടക്കേണ്ടതാണ്

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 165/25 വിവാഹ ധനസഹായം (സ്പിൽ ഓവർ) |
| അടങ്കൽ | ₹250000 (വികസന ഫണ്ട്, ടി.എസ്.പി) |
| ചെലവ് | ₹250000 ബിൽ നമ്പർ 71/23.10.2024 |

മേൽ പ്രോജക്ട് പ്രകാരം വിവാഹ ധനസഹായം ഇനത്തിൽ രണ്ട് ഗുണഭോക്താക്കൾക്ക് ₹125000 വീതം ആകെ ₹250000 വിതരണം ചെയ്തിട്ടുണ്ട്. സ.ഉ (സാ.ധാ) നം. 2593/2022/LSGD തീയതി 26-10-2022 പ്രകാരം വർദ്ധിപ്പിച്ച നിരക്കായ ₹125000 നിരക്കിലാണ് രണ്ട് ഗുണഭോക്താക്കൾക്കും അനുവദിച്ചിട്ടുള്ളത്. വർദ്ധിപ്പിച്ച നിരക്ക് 15-10-2022 ന് ശേഷം നടക്കുന്ന വിവാഹങ്ങൾക്കാണ് ബാധകമാവുക എന്ന് മേൽ ഉത്തരവിൽ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ആനുകൂല്യം ലഭിച്ച വിമല.സി യുടെ മകളുടെ കല്യാണം 20-03-2022നും ജയരാജൻ. സിയുടെ മകളുടെ കല്യാണം 12-06-2022 നുമാണ് നടന്നത്. ആയതിനാൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മേൽ ഗുണഭോക്താക്കൾക്ക് ₹100000 യ്ക്കാണ് അർഹത. എന്നാൽ പ്രോജക്ട് പ്രകാരവും 125000/- രൂപ വീതം നൽകുവാനാണ് തുക വകയിരുത്തിയിട്ടുള്ളത്. രണ്ട് ഗുണഭോക്താക്കൾക്കുമായി ₹50000 (25000+25000) അധികം നല്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (13/28-07-2025) ടിയാളുകൾക്ക് ആനുകൂല്യം നല്കിയത് സ.ഉ (സാ.ധാ) നം. 2593/2022/LSGD തീയതി 26-10-2022 നമ്പർ ഉത്തരവിന് ശേഷമാണ് എന്നാണ് മറുപടി നല്കിയത്. പ്രസ്തുത ഉത്തരവിൽ വർദ്ധിപ്പിച്ച നിരക്ക് 15-10-2022 ന് ശേഷം നടക്കുന്ന വിവാഹങ്ങൾക്കാണ് ബാധകമാവുക എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ ഈ മറുപടി സ്വീകാര്യമല്ല. അധികമായി അനുവദിച്ച ₹50000 കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ

മെഡിസെപ് പ്രീമിയം അടവാക്കുന്നതുമായി ബന്ധപ്പെട്ട് വിവരങ്ങൾ ചുവടെ ചേർക്കുന്നു

**എ)മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

(01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

| ഓഡിറ്റ് വർഷത്തിലെ | മെഡിസെപ് പ്രീമിയം | മെഡിസെപ് പ്രീമിയം | ഒടുക്കാൻ ബാക്കി | റിമാർക്സ് |
|---|---|---|---|---|

| ജീവനക്കാരുടെ എണ്ണം | ഇനത്തിൽ ഈടാക്കിയ തുക | ഇനത്തിൽ ഒടുക്കിയ തുക | നിൽക്കുന്ന തുക | |
|---|---|---|---|---|
| 11 | 63500 | 63500 | 0 | - |

**ബി)മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വിസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | - |

**സി)മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 ൽ സർവ്വിസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 0 | 0 | 0 | 0 | - |

**ഡി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വിസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | 0 |

## 4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 21-07-2025, 23-07-2025 | നം. കെ.എസ്.എ/കെ.എൻ.ആർ/ സി.12/1301/2025 തീയതി: 16.10.2025 |

## 4-3 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര്/ നമ്പർ | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2024-25 | 590000 | ലൈഫ് 2020 ഭവനപദ്ധതി - പൊതുവിഭാഗം (8/25) | 590000 | 0 |
| | 2024-25 | 50000 | ക്ഷീരകർഷകർക്ക് പാലുല്പാദന ഇൻസെന്റീവ് (65/25) | 50000 | 0 |
| | 2024-25 | 568176 | പെയിൻ പാലിയേറ്റീവ് കെയർ (78/25) | 568176 | 0 |
| | 2024-25 | 111000 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് (101/25) | 111000 | 0 |
| | 2024-25 | 49800 | വയോജന കലാകായിക മേള (105/25) | 49800 | 0 |
| | 2024-25 | 29682 | അതിദരിദ്രർക്ക് പോഷകാഹാര കിറ്റ് വിതരണം (132/25) | 29682 | 0 |
| | 2024-25 | 1980000 | ലൈഫ് ഭവന പദ്ധതി (136/25) | 1980000 | 0 |
| | 2024-25 | 2217298 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം-രണ്ടാം ഘട്ടം (156/25) | 2217298 | 0 |
| ആകെ | | 5595956 | | 5595956 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 200000 | ലൈഫ് 2020 ഭവന പദ്ധതി - പൊതുവിഭാഗം (8/25) | 200000 | 0 |
| | 2024-25 | 227311 | ലൈഫ് 2020 ഭവന പദ്ധതി - പട്ടികജാതി (12/25) | 227311 | 0 |
| | 2024-25 | 225000 | സമഗ്ര നെൽ കൃഷി വികസനം (56/25) | 225000 | 0 |
| | 2024-25 | 300000 | ക്ഷീരകർഷകർക്ക് പാലുല്പാദന ഇൻസെന്റീവ്(65/25) | 300000 | 0 |
| | 2024-25 | 150000 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് (101/25) | 150000 | 0 |
| | 2024-25 | 1420000 | ലൈഫ് ഭവന പദ്ധതി (136/25) | 1420000 | 0 |
| | 2024-25 | 101500 | ലൈഫ് ഭവനപദ്ധതി പട്ടിക ജാതി വിഭാഗം (163/25) | 101500 | 0 |

| | | | | | |
|---|---|---|---|---|---|
| | 2024-25 | 200000 | മച്ചൂർമല ടൂറിസം സെന്റർ – DPR തയ്യാറാക്കൽ (174/25) | 200000 | 0 |
| | 2024-25 | 1200000 | വയോജന വിശ്രമ കേന്ദ്രം നിർമ്മാണം (178/25) | 1200000 | 0 |
| ആകെ | | 4023811 | | 4023811 | 0 |

## 4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-6 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും, തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | ർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| KURDFC ലോൺ | ലഭ്യമല്ല | ലഭ്യമല്ല | 51,97,779 | 2720000 | 684306 | | 7233473 |

## 4-7 സ്ഥിര നിക്ഷേപം

ഗ്രാമ പഞ്ചായത്തിന് സ്ഥിരനിക്ഷേപമിനത്തിലുള്ള തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 0 |
| തൻവർഷം നിക്ഷേപിച്ചത് | 500000 |
| ആകെ | 500000 |
| തൻവർഷം പിൻവലിച്ചത് | 0 |
| വർഷാവസാനം നീക്കിയിരിപ്പ് | 500000 |

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക(₹) | റിമാർക്സ് |
|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക്, തില്ലങ്കേരി (നമ്പർ1323309 തീ.22-05-2024)<br>പലിശ നിരക്ക് - 6.25% കാലാവധി തീയതി- 21-05-2025 | 500000 | 21-05-2025ന് കാലാവധി പൂർത്തിയായിട്ടുണ്ടെങ്കിലും പുതുക്കി നിക്ഷേപിച്ചിട്ടില്ല. |
| | ആകെ | 500000 | |

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| അവലോകന റിപ്പോർട്ട് | | 2013-14 | 5.3.5.10 | കുടുംബശ്രീയും വ്യവസായ / തൊഴിൽ സംരംഭങ്ങളും | പരാമർശം നിലനിൽക്കുന്നു. |
| അവലോകന റിപ്പോർട്ട് | | 2013-14 | 5.3.16 | സർക്കാർ ഉത്തരവുകൾ ലംഘിച്ച് പദ്ധതികൾ നടപ്പാക്കുന്നു. | പരാമർശം നിലനിൽക്കുന്നു. |
| അവലോകന റിപ്പോർട്ട് | | 2013-14 | 6.1 | പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല | പരാമർശം നിലനിൽക്കുന്നു. |
| 2016-17 | 2-2 | 2014-15 | 1 | വസ്തു നികുതി | പരാമർശം നിലനിൽക്കുന്നു. |
| 2016-17 | അദ്ധ്യായം 1, അനുബന്ധം 3 | 2014-15 | | 2. ഖാദി കേന്ദ്രത്തിന് വർക്കിംഗ് സ്റ്റാന്റ് | പരാമർശം നിലനിൽക്കുന്നു. |
| | | | | അസസ്സ്മെന്റ്, ഡിമാന്റ് രജിസ്റ്റർ | പരാമർശം നിലനിൽക്കുന്നു. |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 36808360.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 31671929 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 50000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1249798 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-24 | | 50000 | ശ്രീ. ഷംസുദ്ദീൻ. കെ.വി, അസിസ്റ്റന്റ് സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|
| 1-16 | 100000 | ശ്രീ. ദിനേശൻ പാറയിൽ, സെക്രട്ടറി |
| 1-17 | 50000 | ശ്രീ. ദിനേശൻ പാറയിൽ, സെക്രട്ടറി |

| | | |
|---|---|---|
| 1-18 | 79212 | ശ്രീ. ദിനേശൻ പാറയിൽ, സെക്രട്ടറി |
| 1-19 | 63710 | ഡോ. രസ്ന. കെ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| 1-20 | 48859 | ഡോ. രസ്ന. കെ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| 1-21 | 6000 | ഡോ. രസ്ന. കെ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| 1-22 | 265695 | ഡോ. രസ്ന. കെ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| 1-23 | 2011 | ഡോ. രസ്ന. കെ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| 1-25 | 183274 | ശ്രീ. ഷംസുദ്ദീൻ. കെ.വി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-26 | 151037 | ശ്രീ. ഷംസുദ്ദീൻ. കെ.വി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 300000 | ശ്രീ. ഷംസുദ്ദീൻ. കെ.വി, അസിസ്റ്റന്റ് സെക്രട്ടറി |
| | 1249798 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ദിനേശൻ പാറയിൽ, സെക്രട്ടറി | സെക്രട്ടറി | “ചൈത്രം“, കൊളോളം ടവർ സ്റ്റോപ്പ്, എടയന്നൂർ(പി.ഒ.), കണ്ണൂർ-670595 |
| ഡോ. രസ്ന. കെ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി തില്ലങ്കേരി ഗ്രാമ പഞ്ചായത്ത് | ഇന്ദ്രനീലം ഹൌസ്<br>മൈത്രി നഗർ<br>ശ്രീ ശങ്കര വിദ്യാപീഠം സ്കൂൾ മട്ടന്നൂർ<br>മട്ടന്നൂർ പി.ഒ-670702<br>കണ്ണൂർ |
| ശ്രീ. ഷംസുദ്ദീൻ. കെ.വി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, മാലൂർ ഗ്രാമ പഞ്ചായത്ത് | കട്ടേരി ഹൌസ്<br>മാലൂർ. പി.ഒ,<br>പിൻ-670702<br>കണ്ണൂർ |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ./കെ.എൻ.ആർ./സി.12/740/2025 തീ. 05.07.2025 | 2 |
| 2003-04 | നം.കെ.എസ്.എ./കെ.എൻ.ആർ./സി.12/740/2025 തീ. 05.07.2025 | 1 |
| 2007-08 | നം.കെ.എസ്.എ./കെ.എൻ.ആർ./സി.12/740/2025 തീ. 05.07.2025 | 1 |
| 2010-11<br>2011-12 | നം.കെ.എസ്.എ./കെ.എൻ.ആർ./സി.12/740/2025 തീ. 05.07.2025 | 3 |
| 2014-15 | നം.കെ.എസ്.എ./കെ.എൻ.ആർ./സി.12/740/2025 തീ. 05.07.2025 | 1 |
| 2019-20 | കെ.എസ്.എ./കെ.എൻ.ആർ./സി.12/740/2025 തീ. 05.07.2025 | 4 |
| 2020-21 | കെ.എസ്.എ./കെ.എൻ.ആർ./സി.12/740/2025 തീ. 05.07.2025 | 14 |
| 2021-22 | കെ.എസ്.എ./കെ.എൻ.ആർ./സി.12/740/2025 തീ. 05.07.2025 | 13 |
| 2022-23 | കെ.എസ്.എ./കെ.എൻ.ആർ./സി.10/1512/2023(1) തീ. 23.02.2024 | 32 |
| 2023-24 | കെ.എസ്.എ/കെ.എൻ.ആർ/സി.12/589/2025 തീ. 15.05.2025 | 14 |

ഡെപ്യൂട്ടി ഡയറക്ടർ,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 123/2025 dated 30-05-2025 and submitted on 31-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Thillankeri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Thillankeri Grama Panchayat as on 31-03-2025

**Date: 16/10/2025**

**Deputy Director**
**District Office Kannur**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Thillankeri Grama Panchayat for the Year 2024-2025 .

**1.Major Observations**

NIL

**2.Other Observations**

1) The amount transferred to B1 schedule of balance sheet is not an actual surplus amount in the income and expenditure statement

2)The amounts in balance sheet I&E, and R&P statement, have not been rounded off

3) Mandatory financial statements such as Ratios, B1 Schedule prescribed in 2011 kerala panchayat raj accounting rules

not submitted for audit. Comparitive amounts for the preceding year, prescribed in 2011 kerala panchayat raj accounting rules also not recorded.

4) The actual value of land owned by the institution is not reflected in the balance sheet.

5) Details of partbill payment in B11(b)schedule not submitted for audit

6) Lapses in making timely and accurate demand entries in respect of tax and non tax revenue

7) Asset regiter is not updated and submitted for Audit

8) Annual Physical stock verification for the Financial year 2024-25 has not been conducted and certified.

9) Amount used for asset creation using the amount received as a grant is not shown in capital contribution B-3 schedule

10) Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

11) Development fund genral: The expenditure amount as per Sulekha expenditure statement and the AFS do not match

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Thillankeri Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 10899951.00 |
| Cash | Cash | RP-40(a) | 133692.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 571590.00 |
| 130000000 | Rental income from Panchayat Properties | RP-3 | 7250.00 |
| 140000000 | Fees & User Charges | RP-4 | 4593754.50 |
| 150000000 | Sale & Hire Charges | RP-5 | 60664.00 |
| 151000000 | Receipts from Transferred Institutions | RP-6 | 1050.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 10149257.00 |
| 171000000 | Interest Earned | RP-9 | 198435.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-20 | 500.00 |
| 311000000 | Earmarked Funds | RP-28 | 103535.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14230835.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3660176.00 |
| 460000000 | Loans, Advances and Deposits | RP-49 | 24380.00 |
| | **Non Operating** | | |
| 330000000 | Secured Loans | RP-31 | 2720000.00 |
| 340000000 | Deposits Received | RP-33 | 173185.00 |
| 350000000 | Other Liabilities | RP-35 | 313749.00 |
| | **Grand total** | | **47842003.50** |
| | **PAYMENTS** | | |
| | **Operating** | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 238662.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3444718.00 |
| 460000000 | Loans, Advances and Deposits | RP-49 | 48500.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 42610.00 |
| 350000000 | Other Liabilities | RP-35 | 27897439.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 16165195.50 |
| Cash | Cash | RP-40(b) | 4879.00 |
| | **Grand Total** | | **47842003.50** |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Thillankeri Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2024 to 31-March-2025 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3602060.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 191270.00 |
| 140000000 | Fee & User Charges | I-4 | 4476494.50 |
| 150000000 | Sale & Hire Charges | I-5 | 60664.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 148514484.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 282008.00 |
| 180000000 | Other Income | I-9 | 179651.00 |
| | **Total Income** | | **157306631.50** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 10479580.00 |
| 220000000 | Administrative Expenses | I-11 | 759051.00 |
| 230000000 | Operations & Maintenance | I-12 | 985261.00 |
| 240000000 | Interest & Finance Charges | I-13 | 614.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2345529.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 31660706.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 427616.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 40743629.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 46840000.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 830266.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 2253.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 29618233.00 |
| 190000000 | Prior Period Income | I-19 | 132452.00 |
| B | **B-Total: Expenditure** | | **164692738.00** |
| C=A-B | **Gross Surplus / Deficit of income over Expenditure before Prior period Items** | | **-7386106.50** |
| 190000000 | Prior period Income | I-19 | 132452.00 |

| | | | |
|---|---|---|---|
| 290000000 | Pror period Expenses | I-18 | 718474.00 |
| D | Net Differences | I-19 – I-18 | 586022.00 |
| E | Gross Surplus/(deficit) of income over expendituer after Prior Period Items | | -7972128.50 |
| 290000000 | Transfer to Reverse Funds | | |
| | Net Balance being surplus/deficit carried over to Balance sheet (Panchayat Fund) | | |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| Thillankeri Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -13599201.50 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 242122.00 |
| 312000000 | Reserves | B-3 | 77837100.00 |
| | **Total Reserve & Surplus** | | **64480020.50** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 11770205.00 |
| | **Total Grants, Contributions for Specific Purposes** | | **11770205.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 7233473.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **7233473.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 242283.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 925167.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **1167450.00** |
| | **TOTAL LIABILITIES** | | **84651148.50** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 317532.00 |
| 412000000 | Capital Work in Progress | B-11(b) | 654373.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 6647189.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 26921902.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 104642278.00 |
| 416000000 | Accumulated Depreciation | B-11(a) | -76157263.00 |
| | **Total Fixed Assets** | | **63026011.00** |

| | | | |
|---|---|---|---|
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 500000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **500000.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3490301.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 16170074.50 |
| 460000000 | Loans, Advances and Deposits | B-18 | 1464762.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **21125137.50** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **84651148.50** |

ഡെപ്യൂട്ടി ഡയറക്ടർ,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.